# വഞ്ചന | മതിയായി ഈ MLA

## കടന്നപ്പള്ളി രാമചന്ദ്രൻ (CON (S)) - കണ്ണൂർ

### 1 തോടുകൾ മാലിന്യവാഹിനികൾ




പടന്നപ്പാലം മുതൽ പയ്യാമ്പലം വരെയുള്ള തോടിന്റെ ഇരുവശങ്ങളിലും താമസിക്കുന്നവർ മാരകമായ രോഗങ്ങൾ കൊണ്ട് ബുദ്ധിമുട്ടുന്നു, വർഷങ്ങളായിട്ടും ഈ പ്രശ്നത്തിന് ശാശ്വത പരിഹാരം കാണാൻ സാധിച്ചിട്ടില്ല.

### 2 നഗരം മയക്കുമരുന്ന് മാഫിയകളുടെ പിടിയിൽ




രാത്രികാലങ്ങളിൽ കണ്ണൂർ നഗരം മയക്കുമരുന്ന് മാഫിയകളുടെ വിഹാരകേന്ദ്രമായി മാറുന്നു; നഗരത്തിലെത്തുന്നവരെ പിടിച്ചുപറിക്കുന്നതും ആക്രമിക്കുന്നതും പതിവായിട്ടും ഇവർക്കെതിരെ കാര്യക്ഷമമായ നടപടികൾ സ്വീകരിക്കാൻ എം.എൽ.എ തയ്യാറാകുന്നില്ല.

### 3 അറവ് മാലിന്യം കുന്നുകൂടുന്നു




നീർച്ചാൽ ഡിവിഷനിൽ അറവുമാലിന്യങ്ങൾ ആരോഗ്യപ്രശ്നങ്ങൾ സൃഷ്ടിക്കുന്നു; പരാതികൾ നൽകിയിട്ടും എം.എൽ.എ നടപടി സ്വീകരിക്കുന്നില്ല.

### 4 വൃത്തിഹീനമായ ശ്മശാനം




പയ്യാമ്പലം ശ്മശാനത്തിലെ വൃത്തിഹീനമായ സാഹചര്യവും മഴയും വെയിലും കൊള്ളാത്ത രീതിയിലുള്ള അടിസ്ഥാന സൗകര്യങ്ങളുടെ അഭാവവും കാരണം മൃതദേഹങ്ങളോട് അനാദരവ് കാട്ടുന്ന അവസ്ഥയാണ് നിലവിലുള്ളത്.

### 5 പൊളിഞ്ഞു വീഴാറായ ബസ് സ്റ്റാൻഡ്




പൊളിഞ്ഞു വീഴാറായ പഴയ ബസ് സ്റ്റാൻഡ് പുതുക്കിപ്പണിയാത്തതും, ഏറ്റവും വലിയ കളിസ്ഥലമായ കണ്ണൂർ സ്റ്റേഡിയം തകർന്നു വീഴാറായ അവസ്ഥയിൽ തുടരുന്നതും എം.എൽ.എയുടെ വലിയ പരാജയമാണ്.

### 6 ആചാരങ്ങളെ തകർത്തു വിശ്വാസികളെ വഞ്ചിച്ചു



ശബരിമലയിലെ അനുഷ്ഠാനങ്ങളെ തകർക്കാനുള്ള കപട നവോത്ഥാന നാടകത്തിന് പാദസേവ ചെയ്ത ഈ എംഎൽഎ വിശ്വാസിസമൂഹത്തെ പച്ചയ്ക്ക് വഞ്ചിച്ചു. സ്വർണ്ണക്കൊള്ളയിൽ പോലും ടിയാൻ പാലിച്ച മൗനം സംശയാസ്പദമാണ്.

## UDF - LDF മതിയായി
## മാറ്റം തുടങ്ങാം!